**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **25-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഇ- ഗ്രാന്റ്സ് നിലയ്ക്കാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ? | (എ) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതു കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2024-25 വർഷം ഈ ആവശ്യത്തിനായി 223 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. അതിൽ നിന്നും 46.4 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട് .<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് |

| | | | |
|---|---|---|---|
| | | | വരികയാണ്. ഈ വർഷം മുഴുവൻ കുടിശ്ശികയും കൊടുത്തു തീർക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ